## പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *328 | | | 12.12.2018-ൽ മറുപടിക്ക് |
|---|---|---|---|
| സ്ത്രീ സുരക്ഷ | | | |
| ചോദ്യം<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>,, കെ.കുഞ്ഞിരാമൻ<br>,, എൻ. വിജയൻ പിള്ള | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സ്ത്രീ സുരക്ഷ ഉറപ്പാക്കാനായി പുതുതായി ഏർപ്പെടുത്തിയ സംവിധാനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; പിങ്ക് പട്രോൾ വിപുലീകരിക്കാനും ശാക്തീകരിക്കാനും നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | വനിതകളിൽ സുരക്ഷിത ബോധം സൃഷ്ടിക്കുന്നതിനായി "വനിതാ സ്വയം പ്രതിരോധ പരിശീലനം", "നിർഭയ കേരളം സുരക്ഷിത കേരളം", "പിങ്ക് പോലീസ് പട്രോൾ", "ആന്റി വുമൺ ഹരാസ് മെന്റ് സെൽ", രാത്രിയിൽ ഒറ്റപ്പെട്ടു പോകുന്ന സ്ത്രീകൾക്കായി "ഷോർട്ട് സ്റ്റേ ഹോം സംവിധാനം" തുടങ്ങിയ പദ്ധതികൾ നടപ്പാക്കി വരുന്നു. സ്ത്രീകളുടെ സുരക്ഷിതമായ ട്രെയിൻ യാത്ര ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജനയാത്രാ സുരക്ഷാ കമ്മിറ്റി രൂപീകരിച്ച് ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചു വരുന്നു.<br>ഇതു കൂടാതെ സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിനായി വനിതാ ഹെൽപ്പ് ലൈൻ, പോലീസ് സ്റ്റേഷനിൽ വനിതാ ഹെൽപ്പ് ഡെസ്ക്, സംസ്ഥാന /ജില്ലാ വനിതാ സെല്ലുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു.<br>സ്ത്രീകൾക്കെതിരെ കുറ്റകൃത്യങ്ങൾ തടയുവാൻ പിങ്ക് പട്രോൾ സംവിധാനം സംസ്ഥാനത്തെ കൊല്ലം റൂറൽ, ഇടുക്കി, തൃശ്ശൂർ റൂറൽ, കോഴിക്കോട് റൂറൽ, വയനാട് എന്നീ ജില്ലകൾ ഒഴിച്ചുള്ള എല്ലാ പോലീസ് ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പോലീസിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | പോലീസിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി പുതിയ വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്. ഇതിനായി 451 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ഇവർക്ക് നിയമനം നൽകി പരിശീലനം പൂർത്തിയാക്കിയിട്ടുള്ളതുമാണ്. ഇതിൽ ഒരു വനിതാ കമാൻഡോ പ്ലാറ്റൂണിന്റെ പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്.<br>ആദിവാസി മേഖലയിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിയമനം നടത്തുന്നതിലേക്കായി 21 വനിതാ സി.പി.ഒ മാർ ഉൾപ്പെടെ 75 തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനു പുറമെ എസ്.ഐ.എസ്.എഫിലേക്ക് 30 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ തസ്തിക ഉൾപ്പെടെ ആകെ 138 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.<br>കൂടാതെ ജനറൽ എക്സ്ക്യൂട്ടീവ് ബ്രാഞ്ചിലേക്ക് സബ് ഇൻസ്പെക്ടർമാരായി 19 വനിതകൾ കേരളാ പോലീസ് അക്കാദമിയിൽ ഇപ്പോൾ പരിശീലനത്തിലാണ്.<br>നിലവിലുള്ള വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ സംസ്ഥാനത്തെ 7 പോലീസ് സ്റ്റേഷനുകളിൽക്കൂടി വനിതാ സബ് ഇൻസ്പെക്ടർമാർക്ക് ചുമതല നൽകി നിയോഗിച്ചിട്ടുണ്ട്. |
| (സി) | സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയാൻ കർശന നടപടി സ്വീകരിക്കുമോ; | (സി) | സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ചുള്ള കേസുകൾ ലോക്കൽ പോലീസ് സ്റ്റേഷനുകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനിലും അന്വേഷിച്ചു വരുന്നുണ്ട്. ജില്ലാ സൈബർ സെല്ലുകൾ, സൈബർ ഡോം എന്നിവയുടെ സാങ്കേതിക സഹായം |

| | | | |
|---|---|---|---|
| | | | കേസന്വേഷണത്തിനായി ഉപയോഗിച്ചു വരുന്നു.<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി Cyber Crime Prevention against Women and Children (CCPWC) പദ്ധതിയുടെ കീഴിൽ ഒരു കേന്ദ്രീകൃത ഓൺലൈൻ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഓൺ ലൈൻ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ Child Pornography, Rape, Gang Rape എന്നിവ സംബന്ധിച്ച് സ്വീകരിക്കുന്ന പരാതികളിൽ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷൻ കേരളത്തിലെ നോഡൽ സൈബർ സെല്ലായും, പോലീസ് ഇൻസ്പെക്ടർ ജനറൽ (ക്രൈം ബ്രാഞ്ച്) തിരുവനന്തപുരം റേഞ്ചിനെ നോഡൽ ഓഫീസർ ആയും ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. |
| (ഡി) | തൊഴിലിടങ്ങളിൽ സ്ത്രീകളുടെ അന്തസ് സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; | (ഡി) | The Sexual Harassment of Women at Work Place (Prevention, Prohibition And Redressal) Act പ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്ക് ആവശ്യമായ വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ടോയ് ലറ്റ് സംവിധാനം, 20 ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ താമസ സൗകര്യം എന്നിവ ഉറപ്പാക്കി നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. 2018-ലെ കേരള ഷോപ്സ് |

| | | | |
|---|---|---|---|
| | | | ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമഭേദഗതി പ്രകാരം തൊഴിലാളികൾക്ക് ജോലി സ്ഥലത്ത് ഇരിപ്പിട സൗകര്യം തൊഴിലുടമ ഏർപ്പെടുത്തി നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമപ്രകാരം തൊഴിലുടമ, സ്ത്രീ തൊഴിലാളികളെ രാത്രി 9 മണിക്കും രാവിലെ 6.00 മണിക്കും ഇടയിലുള്ള സമയത്ത് അവരുടെ സമ്മതത്തോടുകൂടി ജോലിക്ക് നിയോഗിക്കുന്ന പക്ഷം അപ്രകാരം ജോലി ചെയ്യിക്കുന്ന അവസരത്തിൽ 5 ജീവനക്കാരെങ്കിലും ഉള്ള ഗ്രൂപ്പായും ആയതിൽ കുറഞ്ഞത് 2 സ്ത്രീകളെങ്കിലും ഉണ്ടായിരിക്കേണ്ടതും ജോലി സ്ഥലത്തു നിന്നും താമസസ്ഥലം വരെയുള്ള യാത്രാ സൗകര്യം തൊഴിലുടമ ഉറപ്പു വരുത്തേണ്ടതുമാണ്. കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും ഏർപ്പെടുത്തിയിട്ടുള്ള ഗ്രേഡിംഗ് സമ്പ്രദായത്തിൽ, സ്ഥാപനങ്ങളെ ഗ്രേഡിംഗിനായി പരിഗണിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ സ്ത്രീ സുരക്ഷ, സ്ത്രീ സൗഹൃദ അന്തരീക്ഷം, പ്രസവാവധി ആനുകൂല്യങ്ങൾ, ഹോസ്റ്റൽ സൗകര്യം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ചാനൽ ചർച്ചകളിലും പൊതുയോഗങ്ങളിലും ചിലർ സ്ത്രീകളെ മ്ലേച്ഛമായി അധിക്ഷേപിക്കുന്നതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; | (ഇ) | ചാനൽ ചർച്ചകളിലും പൊതുയോഗങ്ങളിലും ചിലർ സ്ത്രീകളെ അധിക്ഷേപിക്കുന്നതിനെതിരെ പരാതി ലഭിച്ചാൽ കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (എഫ്) | ധനുവച്ചപുരം കോളേജിലെ അധ്യാപികമാരെ പൊതുയോഗത്തിൽ അപമാനിച്ച ബി.ജെ.പി. തിരുവനന്തപുരം ജില്ലാ പ്രസിഡന്റിനെതിരെ കേസ്സെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (എഫ്) | കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ